**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1400** **07-10-2021 - ൽ മറുപടിയ്ക്ക്**

**കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിക്കായി ഡേറ്റാബേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ നിന്ന് അനർഹരായ തൊഴിലാളികളെ കണ്ടെത്തി ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) | കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും അനർഹരായ തൊഴിലാളികളെ കണ്ടെത്തി ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ ട്രേഡ് യൂണിയൻ പ്രതിനിധികളുടെ യോഗത്തിൽ വെച്ചാണ് മേൽ തീരുമാനമെടുത്തത്. |
| (ബി) | ഇതിനായി തൊഴിലാളികളുടെ ആധാർ അധിഷ്ഠിത ഡേറ്റാബേസ് തയ്യാറാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | നിലവിൽ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ നിന്ന് അംഗത്വമെടുക്കുന്നതിനും, അംഗത്വം പുതുക്കുന്നതിനും, ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനും ആധാർ നിർബന്ധമാണ്. കൂടാതെ Advanced Interface Information System സോഫ്റ്റ് വെയർ മുഖേന തൊഴിലാളികളുടെ ആധാർ വിവരങ്ങൾ ഉൾപ്പെടുത്തി വരുന്നു. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ നിലവിലുള്ള അംഗങ്ങളിൽ അനർഹരെ ഒഴിവാക്കി, യോഗ്യതയുള്ള മുഴുവൻ തൊഴിലാളികളുടെയും ആധാർ അധിഷ്ഠിത ഡേറ്റാബേസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ